സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലേക്കുള്ള പ്രൊമോഷൻ, 2021 ലെ പൊതുസ്ഥലംമാറ്റം - ശബരിമല, പമ്പ, എരുമേലി എന്നിവിടങ്ങളിലെ നിയമനങ്ങൾക്ക് ബഹു: ഹൈക്കോടതിയുടെ അനുമതി ലഭിച്ചത് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/21/Est-I** നന്തൻകോട്, 25/06/2021

---

പരാമർശം :- 1) 07-06-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) ബഹു: ഹൈക്കോടതിയുടെ 18-06-2021 ലെ DBA 09/2021 നമ്പർ ഉത്തരവ്.

## ഉത്തരവ്

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലേക്കുള്ള സ്ഥാനക്കയറ്റം, ടി കേഡറിലെ 2021 ലെ പൊതുസ്ഥലംമാറ്റം എന്നിവ അനുവദിച്ച് പരാമർശം 1 ബോർഡുത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക I ൽ ക്രമ നമ്പർ 24, 36, 43, 50 ഖണ്ഡിക II ൽ ക്രമ നമ്പർ 2, 8 എന്നിവയിൽ നിർദ്ദേശിച്ചിരുന്ന ശബരിമല, പമ്പ, എരുമേലി ദേവസ്വങ്ങളിലെ നിയമനങ്ങൾ (സ്ഥലംമാറ്റം, സ്ഥാനക്കയറ്റം) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയ്ക്ക് വിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

പ്രസ്തുത നിയമനങ്ങൾക്ക് പരാമർശം 2 ആയി ബഹു: ഹൈക്കോടതിയുടെ അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ഉടൻ നടപ്പിൽ വരുത്തുന്നതിന് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK